# കേരള സർവകലാശാല

നം.പി.ആർ.79/2019

ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### ടൈംടേബിൾ

2019 ഏപ്രിൽ 26 മുതൽ ആരംഭിക്കുന്ന ബി.കോം (ആന്വൽ സ്കീം) ഡിഗ്രി പാർട്ട് മൂന്ന് (2006 സ്കീം – പ്രൈവറ്റ് – റെഗുലർ ആന്റ് സപ്ലിമെന്ററി), എസ്.ഡി.ഇ – സപ്ലിമെന്ററി) പരീക്ഷകളുടെ ഒന്ന്, രണ്ട്, മൂന്ന് വർഷത്തെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാകേന്ദ്രം

സർവകലാശാലയുടെ കീഴിൽ ബി.ഫാം (സപ്ലിമെന്ററി) പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ ഇനി മുതൽ കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽസ്, ഗവ.മെഡിക്കൽ കോളേജ് തിരുവനന്തപുരത്ത് നിന്നും ഹാൾടിക്കറ്റുകൾ കൈപ്പറ്റുകയും പ്രസ്തുത കേന്ദ്രത്തിൽ തന്നെ പരീക്ഷയ്ക്ക് ഹാജരാകുകയും ചെയ്യേണ്ടതാണ്.

വിദൂര വിദ്യാഭ്യാസ വിഭാഗം 2019 ഏപ്രിൽ 24 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.ബി.എ സപ്ലിമെന്ററി ഡിഗ്രി പരീക്ഷയ്ക്ക് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ പരീക്ഷാകേന്ദ്രങ്ങൾ ആവശ്യപ്പെട്ട വിദ്യാർത്ഥികൾ യഥാക്രമം എസ്.ഡി.ഇ പാളയം, എസ്.എൻ കോളേജ് കൊല്ലം, എസ്.എൻ കോളേജ് ചേർത്തല എന്നീ പരീക്ഷാകേന്ദ്രങ്ങളിൽ നിന്ന് ഏപ്രിൽ 17 മുതൽ ഹാൾടിക്കറ്റ് കൈപ്പറ്റി അതാതു കേന്ദ്രങ്ങളിൽ പരീക്ഷ എഴുതേണ്ടതാണ്.

### പരീക്ഷാഫീസ്

പത്താം സെമസ്റ്റർ ബി.ആർക്ക് (2008 സ്കീം – സപ്ലിമെന്ററി) തീസിസ് സമർപ്പിക്കുന്നതിനുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. പിഴ കൂടാതെ ഏപ്രിൽ 30 വരെയും 50 രൂപ പിഴയോടെ മേയ് 3 വരെയും 125 രൂപ പിഴയോടെ മേയ് 6 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ജൂണിൽ ആരംഭിക്കുന്ന കമ്പൈയ്ൻഡ് ഒന്ന് രണ്ട് സെമസ്റ്റർ, നാല്, ആറ്, എട്ട്, ഒൻപത് സെമസ്റ്റർ ബി.ആർക്ക് (2008 സ്കീം) സപ്ലിമെന്ററി പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴ കൂടാതെ ഏപ്രിൽ 30 വരെയും 50 രൂപ പിഴയോടെ മേയ് 3 വരെയും 125 രൂപ പിഴയോടെ മേയ് 6 വരെയും അപേക്ഷിക്കാം. പരീക്ഷാഫീസിനു പുറമേ ക്യാമ്പ് ഫീസായി ഓരോ പേപ്പറിനും 75 രൂപ വീതം പരമാവധി 300 രൂപ അടയ്ക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2018 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ (2014 സ്കീം – റെഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി, 2011 സ്കീം – സപ്ലിമെന്ററി, 2006 സ്കീം – മേഴ്സിചാൻസ്) നാലാം സെമസ്റ്റർ (2014 സ്കീം – റെഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം) പരീക്ഷാഫലങ്ങൾ വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 30 വരെ അപേക്ഷിക്കാം.

## പി.ടി.എ മീറ്റിംഗ്

കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ 2018 – 2019 അദ്ധ്യയന വർഷത്തിലെ പി.ടി.എയുടെ വാർഷിക പൊതുയോഗം ഏപ്രിൽ 27 ന് രാവിലെ 10 മണിക്ക് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുന്നതാണ്. തദവസരത്തിൽ എല്ലാ രക്ഷിതാക്കളും സന്നിഹിതരാവേണ്ടതാണ്.

## ക്ലാസുകൾ ഇല്ല

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന എല്ലാ കോഴ്സുകൾക്കും ഏപ്രിൽ 14 മുതൽ 21 വരെ ക്ലാസുകൾ ഉണ്ടായിരിക്കുന്നതല്ല.

## അപേക്ഷ ക്ഷണിക്കുന്നു

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസസ്, ശ്രീകാര്യം, തിരുവനന്തപുരത്ത് നടത്തുന്ന എം.എസ്.ഡബ്ല്യൂ & എം.എ.എച്ച്.ആർ.എം കോഴ്സുകളിലേയ്ക്ക് 2019 മേയ് 2 മുതൽ അപേക്ഷിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 3. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം,
12–04–2019

പബ്ലിക് റിലേഷൻസ് ഓഫീസർ


e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098